**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6385** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങി ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കും സംരക്ഷണത്തിനുമായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | അക്കാദമികമായ അധിക പിന്തുണ ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ ബാധിച്ച ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നൽകുന്നതിനായി എലമെന്ററി, സെക്കന്ററി വിഭാഗങ്ങളായി 2886 സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിനെ നിയമിച്ചിട്ടുണ്ട്. ആർ.സി.ഐ രജിസ്ട്രേഷൻ ഉള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സും ഇതിൽ ഉൾപ്പെടുന്നു. അധിക പിന്തുണ എന്ന നിലയ്ക്ക് 168 ബി.ആർ.സി.കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ഓട്ടിസം സെന്ററിൽ വച്ച് ഈ കുട്ടികൾക്ക് പ്രത്യേക പരിശീലനവും സെൻസറി തെറാപ്പി ഉൾപ്പെടെയുള്ള മറ്റു അനുബന്ധ സൗകര്യങ്ങളും നൽകി വരുന്നു. വിദ്യാലയങ്ങൾ, വിവിധ പഞ്ചായത്തുകൾ, ബി.ആർ.സി കൾ എന്നിവയിൽ സ്പെഷ്യൽ കെയർ സെന്റേഴ്സ് തുടങ്ങിയിട്ടുണ്ട്. അക്കാദമിക പിന്തുണാ സംവിധാനം നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ റെമഡിയൽ ടീച്ചിംഗ് നടത്തുന്നുണ്ട്. കൂടാതെ സവിശേഷ വിദ്യാലയങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ജ്യോതിർമയി എന്ന യു-ട്യൂബ് ചാനലിലൂടെ അക്കാദമികവും അക്കാദമികേതരവുമായുള്ള പ്രവർത്തനങ്ങൾ നൽകി വരികയാണ്. രക്ഷാകർത്താക്കൾക്ക് ' സുരക്ഷ' എന്ന പേരിൽ ബോധവൽക്കരണ ക്യാമ്പയെനുകൾ സ്കൂൾ മുഖാന്തിരം സംഘടിപ്പിച്ചു വരുന്നു. കൂടാതെ താഴെ പറയുന്നവ പരിഗണനയിലുണ്ട്; ഓരോ പഞ്ചായത്തിലും ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിഗണനയും പരിഹാര ബോധനപ്രവർത്തനങ്ങളും നൽകുന്നതിനായി സ്പെഷ്യൽ കെയർ സെന്ററുകൾ. ഓരോ പഞ്ചായത്തിലേയും ഒരു പൊതുവിദ്യാലയത്തിലെങ്കിലും ഒരു സ്പെഷ്യൽ കെയർ സെന്റർ. അതാത് പഞ്ചായത്തുകളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന മുഴുവൻ |

| | | | |
|---|---|---|---|
| | | | കുട്ടികളുടേയും സമഗ്രമായ വിശദാംശങ്ങൾ ഈ കേന്ദ്രത്തിൽ ലഭ്യമാക്കുക വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഓരോ ഭിന്നശേഷി കുട്ടിക്കും അനുയോജ്യമായ പരിഹാര ബോധന പ്രവർത്തനങ്ങൾ നൽകുന്നതിന് ആവശ്യമായ ടീച്ചിംഗ്, ലേണിംഗ് മെറ്റീരിയലുകൾ ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കുക സമഗ്രശിക്ഷാ കേരളയ്ക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന 2500 ഓളം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പെഷ്യൽ കെയർ സെന്ററുകളിൽ ലഭ്യമാക്കുക. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ കുറവുള്ള പഞ്ചായത്തുകളിൽ ആവശ്യത്തിനുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുക ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ, കണ്ണടകൾ, ചലനസഹായ ഉപകരണങ്ങൾ, ശ്രവണ സഹായ ഉപകരണങ്ങൾ എന്നിവ മുഴുവൻ ഭിന്നശേഷി കുട്ടികൾക്കും ലഭ്യമാക്കുക നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സാഹായകരമാകുന്ന വിധത്തിൽ ഓരോ സ്പെഷ്യൽ കെയർ സെന്ററുകളിലേയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക |
| (ബി) | ഭിന്നശേഷിയുള്ള കുട്ടികളെ എപ്രകാരം പഠിപ്പിക്കണമെന്നാണ് സംയോജിത വിദ്യാഭ്യാസ പദ്ധതി നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | ശാരീരികമോ മാനസികമോ ബുദ്ധിപരമോ വൈകാരികമോ ആയ പരിമിതികൾ ഉള്ള കുട്ടികൾക്ക്, മറ്റു കുട്ടികളോടൊപ്പം തുല്യത യോടെ പങ്കെടുക്കാൻ കഴിയാതിരിക്കുകയാണ് ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിമിതി. ഭിന്നശേഷിക്കാരായ കുട്ടികളെ വേർതിരിച്ചു കാണാതിരിക്കുക എന്നത് രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ട ഉടമ്പടിയുടെ ഭാഗമാണ്. സ്വാശ്രയത്വവും വ്യക്തിത്വവും ഉറപ്പുവരുത്തികൊണ്ടുള്ള പരിപൂർണ്ണ സാമൂഹ്യ പങ്കാളിത്തം ഓരോ കുട്ടിയുടേയും അവകാശമാണ് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ടാണ് ഉൾചേർക്കൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നത്. ഈ കുട്ടികളെ പൊതുജീവിതത്തിന്റെയും പൊതുവിദ്യാഭ്യാസത്തിന്റെയും മുഖ്യധാരയുടെ ഭാഗമാക്കാനുള്ള തീവ്രശ്രമം നടന്നു വരുന്നു. |
| (സി) | ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; | (ഡി) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ